(എഫ്) ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തുവരുന്നു. അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ-1, സ്റ്റേഷൻ ഓഫീസർ -14, ഫയർമാൻ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർ -53, ഫയർമാൻ -1010, ക്ലാർക്ക് -1, ടൈപ്പിസ്റ്റ് -2, ഓഫീസ് അറ്റൻഡന്റ് - 2 എന്നീ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 14 സൂപ്പർ ന്യൂമററി തസ്തിക നിലനിൽക്കുന്നതിനാൽ ക്ലാർക്കുമാരുടെ 4 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഫയർമാൻ തസ്തികയിലെ ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ ഫയർ സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റും കൊണ്ടോട്ടി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള അനുമതിയും

213 (6363) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) കൊണ്ടോട്ടിയിലെ ഫയർ സ്റ്റേഷന് അനുമതിയായിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോപ്പി ഉൾക്കൊള്ളിക്കുന്നു.*

(സി & ഡി) 21-12-2011 -ലെ ഗവൺമെന്റ് ഉത്തരവ് (സാധാ.) നമ്പർ 3764/2011/ആഭ്യന്തരം പ്രകാരം 5 വർഷത്തിനുള്ളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ 9-ാം നമ്പരായി കൊണ്ടോട്ടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായ ശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് വാങ്ങുന്ന ഉപകരണങ്ങൾ

214 (6364) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് 2013-14-ൽ എത്ര തുകയുടെ ഉപകരണങ്ങളാണ് വാങ്ങിയത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly